ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.08.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ഇന്ന് ന്യൂഡൽഹിയിലെത്തും. നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

   Philippines President Ferdinand R. Marcos Jr. will be on a five-day state visit to India beginning today. He will meet Prime Minister Narendra Modi tomorrow

2. ഇന്ത്യയുടെ സ്മാർട്ട്ഫോൺ കയറ്റുമതിയിൽ റെക്കോർഡ് വർധന. നടപ്പ്സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ കയറ്റിഅയച്ചത് 772 കോടി ഡോളറിൻറെ സ്മാർട്ട്ഫോണുകൾ.

   India's smartphone exports hit a record high. Smartphones worth $7.72 billion were exported in the first quarter of the current fiscal

3. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയ അവലോകന യോഗത്തിന് ഇന്ന് തുടക്കം.

   The Reserve Bank of India's three-day monetary policy review meeting begins today

4. ഓവലിൽ ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പരയിലെ അവസാന മത്സരം ആവേശകരമായ അന്ത്യത്തിലേക്ക്. നാലുവിക്കറ്റ് ശേഷിക്കെ അവസാന ദിനമായ ഇന്ന് കളിജയിക്കാൻ ഇംഗ്ലണ്ടിന് വേണ്ടത് 35 റൺസ്.

The final match of the India-England Test series at The Oval is coming to an exciting end. England needs 35 runs to win the match on the final day today with four wickets remaining.

5. കസാക്കിസ്ഥാനിൽ നടന്ന ഖൊസനോവ് മെമ്മോറിയൽ അത്‌ലറ്റിക്സ് മീറ്റിൽ മലയാളി താരം അബ്ദുള്ള അബൂബക്കർ പുരുഷ ട്രിപ്പിൾ ജംമ്പ് കിരീടം നേടി. Malayali athlete Abdullah Abubakar won the men's triple jump title at the Khosanov Memorial Athletics Meet held in Kazakhstan.

6. കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യത. ആറ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നാലുദിവസം മത്സ്യബന്ധനത്തിന് വിലക്ക് Strong winds and rain are likely in Kerala. Orange alert in six districts today. Fishing banned for four days off Kerala and Lakshadweep coasts from today.

&&&&&&&&&&&&&&&&&&

## PHILIPPINES PRESIDENT VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ഇന്ന് ന്യൂഡൽഹിയിലെത്തും. കാബിനറ്റ് മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തോടൊപ്പമുണ്ടാകും. നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫിലിപ്പീൻസ് പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും സന്ദർശിക്കും. ഇന്ത്യ-ഫിലിപ്പീൻസ് നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികത്തോട് അനുബന്ധിച്ചാണ് ഫിലിപ്പീൻസ് പ്രസിഡണ്ടിന്റെ സന്ദർശനം.

&&&&&&&&&&&&&&&&&&

**PM-PREZ**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ രാഷ്ട്രപതി ഭവനിൽ എത്തി രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും രാഷ്ട്രപതിയെ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

**PM - GREEN HYDROGEN PLANT**

ഗുജറാത്തിലെ കാണ്ട്‌ലയിൽ ദീൻദയാൽ തുറമുഖത്ത് ഇന്ത്യയുടെ ആദ്യത്തെ 'മെയ്ക്ക്-ഇൻ-ഇന്ത്യ' ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് കമ്മീഷൻ ചെയ്തതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർബൺ പുറന്തള്ളൽ പൂജ്യത്തിലെത്തിക്കുവാനുള്ള രാജ്യത്തിൻറെ ദർശനത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള അഭിനന്ദനാർഹമായ

ശ്രമമാണിതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## SMARTPHONE EXPORT

നടപ്പ്സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യയുടെ സ്മാർട്ട്ഫോൺ കയറ്റുമതി റെക്കോർഡ് ഉയരത്തിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 490 കോടി ഡോളറിന്റെ കയറ്റുമതിയാണ് നടന്നതെങ്കിൽ ഇക്കുറി അത് 772 കോടി ഡോളറായി വർധിച്ചു. ഐ ഫോൺ നിർമാതാക്കളായ ആപ്പിൾ കമ്പനിയാണ് ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചത്. 600 കോടി ഡോളറിന്റെ ഐ ഫോണുകളാണ് കരാർ നിർമാതാക്കൾ വഴി ആപ്പിൽ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുത്. മുൻ വർഷത്തേക്കാൾ 82 ശതമാനം വർധന ഉണ്ടായി. 2021 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 310 കോടി ഡോളറിന്റെ സ്മാർട്ട്ഫോണുകളാണ് കയറ്റുമതി ചെയ്യുത്. 2025 ആയപ്പോഴേക്കും സ്മാർട്ട്ഫോൺ കയറ്റുമതി 2410 കോടി ഡോളറായി ഉയർന്നു. മൊത്തം സ്മാർട്ട്ഫോൺ കയറ്റുമതിയുടെ 12 ശതമാനം സാംസങ്ങിന്റേതാണ്.

&&&&&&&&&&&&&&&&&&

## RBI – MPC

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയ അവലോകന യോഗത്തിന് ഇന്ന് തുടക്കമാകും. യോഗ തീരുമാനങ്ങൾ ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര ബുധനാഴ്ച പ്രഖ്യാപിക്കും. ദീപാവലിക്ക് മുന്നോടിയായി വായ്പാ വിതരണം വർദ്ധിപ്പിക്കാൻ റിപ്പോ നിരക്കിൽ ആർ ബി ഐ 25 ബേസിസ് പോയിന്റ് കുറവ് പ്രഖ്യാപിക്കാനിടയുണ്ടെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നു. തുടർച്ചയായി മൂന്ന് തവണ റിപ്പോ നിരക്ക് കുറച്ചതിനാൽ നിലവിലെ നിരക്ക് തുടരാനാണ് സാധ്യതയെന്ന് ഒരുവിഭാഗം സാമ്പത്തിക വിദഗ്ധർ കരുതുന്നു.

&&&&&&&&&&&&&&&&&&

**SHIVRAJ SINGH CHAUHAN - INTRO**

രാജ്യത്ത് നിർമ്മിച്ച ഉൽപ്പന്നങ്ങൾ വാങ്ങാൻ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹൻ ജനങ്ങളോട് അഭ്യർഥിച്ചു. കിസാൻ സമ്മാൻ നിധിയുടെ 20-ാാം ഗഡു വിതരണം ചെയ്യുന്നതിനിടെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തദ്ദേശീയ ഉൽപ്പന്നങ്ങൾ വാങ്ങാൻ ആഹ്വാനം ചെയ്യ്തത്. സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള സർക്കാരിൻറെ പ്രതിബദ്ധതയാണ് ഈ അഭ്യർഥനയ്ക്ക് പിന്നിലെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## BIHAR TEJASHWI CONTROVERSY

ബിഹാറിൽ ആർജെഡി നേതാവ് തേജസ്വി പ്രസാദ് യാദവിന് രണ്ട് വോട്ടർ തിരിച്ചറിയൽ കാർഡുകൾ ഉണ്ടെന്ന വാദം ഉയർന്നതോടെ, തിരിച്ചറിയൽ കാർഡിന്റെ വിശദാംശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തന്റെ പേര് കരട് വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്തതായി ആരോപിച്ച് തേജസ്വി യാദവ് രംഗത്തുവന്നിരുന്നു. എന്നാൽ ഈ വാദം തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി.

&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലുദിവസം കൂടി അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തുലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈമാസം 30ന് അന്തിമ പട്ടിക പ്രസിദ്ധീക രിക്കും.

&&&&&&&&&&&&&&&&&&

## WEAHTER-INTRO

കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ്

നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നുമുതൽ നാലുദിവസം മൽസ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***ആകാശവാണി പ്രതിനിധി എം സ്മിതി നൽകുന്ന റിപോർട്ട്…***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**DAM ALERT - KERALA**

കേരളത്തിലെ പ്രധാന അണക്കെട്ടുകളിൽ ജലനിരപ്പ് ഉയരുകയാണ്. ഇടുക്കി അണക്കെട്ടിൽ സംഭരണ ശേഷിയുടെ 70.33 ശതമാനവും വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ടിൽ 88.63 ശതമാനവും ഷോളയാർ അണക്കെട്ടിൽ 99.81 ശതമാനവും വെള്ളം ഉണ്ട്.

ജലാശയങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള വിനോദയാത്രകൾ ഒഴിവാക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

**SEA WARNING**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 08.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കന്യാകുമാരി തീരത്ത് ഇന്ന് പകൽ 11.30 വരെ ഉയർന്ന തിരമാല മുന്നറിയിപ്പുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം.

&&&&&&&&&&&&&&&&&&

## KOCHI -DHANUSHKODI

കൊച്ചി -ധനുഷ്കോടി ദേശീയ പാതയിൽ മൂന്നാർ ഗ്യാപ്പ് റോഡ് വഴിയുള്ള രാത്രി ഗതാഗതം വ്യാഴാഴ്ച വരെ നിരോധിച്ചു. പകലും രാത്രിയും ഈ ഭാഗങ്ങളിൽ പാർക്കിങ്ങും അനുവദനീയമല്ല. മേഖലയിൽ മഴ തുടരുന്ന സാഹചര്യത്തിൽ പാറ അടർന്നുവീഴാൻ സാധ്യതയുള്ളതിനാലാണ് നിരോധനം ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

## UP-FLOOD

ഉത്തർപ്രദേശിൽ ശക്തമായ മഴയെ തുടർന്ന് നദികൾ കരകവിഞ്ഞ് ഒഴുകിയതിനാൽ 17 ജില്ലകളിൽ വെള്ളപ്പൊക്കം. രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുകയാണ്. 905 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.

&&&&&&&&&&&&&&&&&&

## 5th DAY IND-ENG TEST

ഓവലിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. നാലാം ദിവസമായാ ഇന്നലെ കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് ആറ് വിക്കറ്റിന് 339 റൺസ് എടുത്തു. ഇന്ന് ഇന്ത്യയ്ക്കെതിരെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കുന്ന ഇംഗ്ലണ്ടിന് ജയിക്കാൻ 35 റൺസ് കൂടി മതി;നാലു വിക്കറ്റും കൈയിലുണ്ട്. ഇന്ത്യയ്ക്ക് കളി ജയിക്കാനും പരമ്പര സമനിലയിലാക്കാനും ബാക്കിയുള്ള നാല് വിക്കറ്റുകൾ നേടിയേ മതിയാകൂ.

&&&&&&&&&&&&&&&&&&

**TRIPLE JUMP-TITLE**

കസാക്കിസ്ഥാനിലെ അൽമാറ്റിയിൽ ഇന്നലെ രാത്രി നടന്ന ഖൊസനോവ് മെമ്മോറിയൽ അത്ലറ്റിക്സ് മീറ്റിൽ ഇന്ത്യൻ അത്ലറ്റും മുൻ ഏഷ്യൻ ചാമ്പ്യനും മലയാളിയുമായ അബ്ദുള്ള അബൂബക്കർ പുരുഷ ട്രിപ്പിൾ ജംമ്പ് കിരീടം നേടി.16.08 മീറ്റർ ചാടിയാണ് അദ്ദേഹം വിജയം ഉറപ്പിച്ചത്. അടുത്തമാസം ടോക്കിയോയിൽ നടക്കാനിരിക്കുന്ന ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടാനുള്ള ശ്രമത്തിലാണ് അബ്ദുള്ള അബൂബക്കർ.

&&&&&&&&&&&&&&&&&&

## NATIONAL SWIMMING & AQUATIC CHAMPIONSHIP

41-ാമത് സബ് ജൂനിയർ ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പിനും 51-ാമത് ജൂനിയർ ദേശീയ വാട്ടർ പോളോ ആൻഡ് ഡൈവിംഗ് അക്വാട്ടിക് ചാമ്പ്യൻഷിപ്പിനും ഇന്ന് ബെംഗളൂരുവിൽ തുടക്കം . രാജ്യത്തുടനീളമുള്ള 600-ലധികം പേർ പങ്കെടുക്കും.ഇന്നും നാളെയുമായി നടക്കുന്ന നീന്തൽ മത്സരങ്ങളിൽ 22 സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## JR.SWIMMING

അഹമ്മദാബാദിൽ നടക്കുന്ന ദേശീയ ജൂനിയർ നീന്തലിൽ ആദ്യ ദിനം കേരളത്തിന് ഒരു സ്വർണ്ണം ഉൾപ്പെടെ നാല് മെഡലുകൾ. പെൺകുട്ടികളുടെ 50 മീറ്റർ ബാക്ക് സ്ട്രോക്കിൽ ശ്രേയ ബിനിൽ സ്വർണ്ണം നേടി.

&&&&&&&&&&&&&&&&&&

## SUBRATHO MUGHARJI CUP-FOOTBALL

സുബ്രതോ മുഖർജി കപ്പ് സംസ്ഥാന ഫു ട്ബോൾ ടൂർണമെൻ്റിൽ

പതിനേഴുവയസ്സുവരെയുള്ള പെൺകുട്ടികളുടെ വിഭാഗം മത്സരങ്ങൾ ഇന്നു മുതൽ വ്യാഴംവരെ ശ്രീകൃഷ്ണപുരം എച്ച്എസ്എസ് മൈതാനത്ത് നടക്കും. വിവിധ ജില്ലകളിൽനിന്ന് 60 ടീമുകൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## CINEMA CONCLAVE

സിനിമാ മേഖലയിലെ സമഗ്ര നയരൂപീകരണത്തിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച കേരള സിനിമാ നയ കോൺക്ലേവിന് തിരശീലവീണു. സമഗ്ര സിനിമാ നയം മൂന്ന് മാസത്തിനുള്ളിൽ രൂപീകരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## PRO-PALESTINIAN MARCHE

സിഡ്നി, മെൽബൺ, കേപ് ടൗൺ എന്നിവയുൾപ്പെടെ ലോകമെമ്പാടുമുള്ള നിരവധി നഗരങ്ങളിൽ ഇന്നലെ പലസ്തീൻ അനുകൂല മാർച്ചുകൾ നടന്നു. ഓസ്ട്രേലിയൻ നഗരമായ സിഡ്നിയിലെ ചരിത്രപ്രസിദ്ധമായ ഹാർബർ പാലത്തിലൂടെ പതിനായിരങ്ങൾ മാർച്ച് നടത്തി. മെൽബണിൽ റാലിയിൽ കാൽലക്ഷം പേർ അണിനിരന്നു. ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ സ്ത്രീകളുടെ നേതൃത്വത്തിലാണ് പ്രകടനം നടന്നത്.

&&&&&&&&&&&&&&&&&&&

## BIMSTEC MUSIC FESTIVAL

ആദ്യ ബിംസ്റ്റെക് പരമ്പരാഗത സംഗീതോത്സവം ഇന്ന് വൈകിട്ട് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ പരിപാടി

ഉദ്ഘാടനം ചെയ്യും.ഇന്ത്യ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാർ സംഗീത പരിപാടി അവതരിപ്പിക്കും. .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&